**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 783 29.09.2016-ലെ മറുപടിക്ക്**

**പ്ലസ് വൺ സീറ്റിന്റെ മാർജിനൽ ഇൻക്രീസ്**

| ചോദ്യം<br>ശ്രീ. എം. ഉമ്മർ | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ പ്ലസ് വൺ സീറ്റിന്റെ മാർജിനൽ ഇൻക്രീസുമായി ബന്ധപ്പെട്ട ICT.Cell 33722/16-ഫയലിൽ ഏതെല്ലാം വിഷയങ്ങളാണ് കൈകാര്യം ചെയ്തു വരുന്നത്; പരാതിക്കാരന്റെ പേര്, വിലാസം, വിഷയം, തീർപ്പാക്കിയ തീയതി എന്നിവ വിശദമാക്കാമോ; ഇനിയും ഏതെല്ലാം വിഷയങ്ങൾ തീർപ്പാക്കാനുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) എച്ച്.എം.എച്ച്.എച്ച്.എസ്.എസ്, ഇറക്കൽ, മലപ്പുറം, ദാറുൽ നജാത്ത് എച്ച്.എസ്.എസ്, കരുവാരക്കുണ്ട്, മലപ്പുറം എന്നീ അൺ-എയ്ഡഡ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർ അഡ്വ. എം. ഉമ്മർ എം.എൽ.എ മുഖാന്തിരം ബഹു. വിദ്യാഭ്യാസ മന്ത്രി മുൻപാകെ സമർപ്പിച്ച നിവേദനങ്ങളാണ് പ്രസ്തുത ഫയലിൽ കൈകാര്യം ചെയ്യുന്നത്. ടി സ്കൂൾ പ്രിൻസിപ്പൽമാരാണ് പരാതിക്കാർ. അഡ്മിഷൻ വെബ്സൈറ്റായ hsCAP-ൽ വന്ന സീറ്റ് മെട്രിക്സ് അനുസരിച്ച് പ്രസ്തുത സ്കൂളുകളിൽ ഒരോ ബാച്ചിലും 60 കുട്ടികൾ വീതമായിരുന്നു എന്നും അത് പിന്നീട് 50 ആയി കുറച്ചതായും കാണിച്ചുകൊണ്ടുളള പരാതിയോടൊപ്പം ഓരോ ബാച്ചിലും സീറ്റുകളുടെ എണ്ണം 60 ആയി നിശ്ചയിച്ച് പ്രവേശനാനുമതി നൽകാൻ ആവശ്യപ്പെട്ടിരിക്കുന്നതുമാണ് വിഷയം. ടി വിഷയത്തിൽ ഡയറക്ടറേറ്റിൽ നിന്നും സർക്കാരിലേക്ക് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) പ്രസ്തുത ഫയലിൽ മലപ്പുറം ജില്ലയിലെ ഇറക്കൽ എച്ച്.എം.എസ് സ്കൂളിലെ വിഷയവുമായി ബന്ധപ്പെട്ട് കംപ്യൂട്ടർ വിദഗ്ദന്റെ റിപ്പോർട്ട് ശേഖരിച്ചിട്ടുണ്ടായിരുന്നോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; | (ബി) ഇല്ല. |

| | | | |
|---|---|---|---|
| (സി) | ഇല്ലെങ്കിൽ പ്രസ്തുത സ്കൂളിന്റെ വിഷയവുമായി ബന്ധപ്പെട്ട് നോട്ട് ഫയലിൽ എഴുതിയ കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | ഈ വിഷയവുമായി ബന്ധപ്പെട്ട് ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ കുറിപ്പ് ഫയലിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്